തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവകലാശാല

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 2475/2024/ഡി2/അഡ്മിൻ 22.10.2024

## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പബ്ലിക്കേഷൻ വിഭാഗം പുസ്തകങ്ങളും ജേണലുകളും അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുന്നു

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പബ്ലിക്കേഷൻ വിഭാഗത്തിന്റെ പുസ്തകങ്ങളും ജേണലുകളും അച്ചടിച്ച് വിതരണം ചെയ്യുന്നതിന് അച്ചടി മേഖലയിൽ പ്രവർത്തിക്കുന്ന യോഗ്യതയുള്ള സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ അഭാവത്തിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. പുസ്തകങ്ങളും ജേണലുകളും രണ്ട് വർഷത്തേക്ക് ചുരുങ്ങിയത് 200 കോപ്പികൾ വീതമാണ് അച്ചടിച്ച് വിതരണം ചെയ്യേണ്ടത്. വിശദാംശങ്ങൾ താഴെപ്പറയും വിധമാണ്.

| | | |
|---|---|---|
| പുസ്തകങ്ങൾ | D 1/8 Size 200 Page Black Colour Printing in 80gsm NS + 300 GSM Cover in Multi with Matte Lamination, Perfect Binding. | 200 Copy |
| ജേണലുകൾ | C 1/4 Size 200 Page Black Colour Printing in 80gsm NS + 300 GSM Cover in Multi with Matte Lamination, Perfect Binding. | 200 Copy |

ഓരോ ഇനത്തിന്റെ നിരക്കുകൾ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തി ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച് കരാർ ഒപ്പ് വെക്കുന്ന തിയതി മുതൽ രണ്ട് വർഷത്തേക്കായിരിക്കും അച്ചടിച്ച് വിതരണം ചെയ്യേണ്ട കലാവധി. മേൽ കരാർ ഏത് സമയത്തും കാരണം കാണിക്കാതെ അവസാനിപ്പിക്കുന്നതിനുള്ള അവകാശം സർവകലാശാല അധികാരികളിൽ നിക്ഷിപ്തമായിരിക്കും. കരാറുകാരന് ഒരു തരത്തിലുള്ള നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല. ക്വട്ടേഷൻ വിജയി ടെണ്ടർ മൂല്യത്തിന്റെ 5% പെർഫോർമൻസ് സെക്യൂരിറ്റി അടവാക്കേണ്ടതാണ്.

ടെണ്ടർ 04-11-2024 തിയതി ഉച്ചക്ക് 2 മണിക്ക് മുൻപായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. കവറിന്റെ പുറത്ത് “സർവകലാശാല പബ്ലിക്കേഷൻ വിഭാഗത്തിന് പുസ്തകങ്ങളും ജേണലുകളും അച്ചടിച്ച് വിതരണം ചെയ്യുന്നതിന്” എന്ന് രേഖപ്പെടുത്തിയിരിക്കണം.

തുടർച്ച.............2

ടെണ്ടർ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറവ് സംഖ്യ ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ടെണ്ടർ അംഗീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

കരാർ ലഭിക്കുകയാണെങ്കിൽ അനുമതിക്കത്ത് ലഭിച്ച് കരാർ കാലാവധിയ്ക്കുള്ളിൽ ആവശ്യപ്പെടുന്ന അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ 0494 - 2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ-ചാർജ്

പകർപ്പ്:
പബ്ലിക്കേഷൻ വിഭാഗം/വി.സി. കാര്യാലയം/ഐ.ക്യൂ.എ.സി./
മലയാളസർകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/
മലയാളസർവകലാശാല വെബ്സൈറ്റ്/ഫിനാൻസ്/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/
വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/
ഓഫീസ് രേഖ/കരുതൽ രേഖ